**തിരുവനന്തപുരം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടറുടെ (പൊതുജനാരോഗ്യം) നടപടിക്രമം**

വിഷയം:- ആ.വ.ഡ. – ജീവനക്കാര്യം - - ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിൽ നിന്നും ഹെൽത്ത് സൂപ്പർ വൈസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-

(1). സർക്കാർ കത്ത് നമ്പർ. സി 2/229/2023/ആ.കു.വ. തീയതി. 07.11.2023.

(2). സർക്കാർ ഉത്തരവ് നമ്പർ. 3190/2023/ആ.കു.വ. തീയതി. 01.12.2023.

(3). സർക്കാർ ഉത്തരവ് നമ്പർ. 2797/2018/ആ.കു.വ. തീയതി. 12.09.2018.

(4). ഉത്തരവ് നമ്പർ ഇ.എസ്.2/47321/2000/ആ.വ.ഡ. തീയതി. 05.01.2008

(5). ഉത്തരവ് നമ്പർ ഇ.എസ്.1 /14462/2015/ആ.വ.ഡ. തീയതി. 08.11.2018

(6). ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (പൊതു ജനാരോഗ്യം) -ടെ 29.09.2018 തീയതിയിലെ ഉത്തരവ് നം. ഇ.ജി4-41950/2016/ആ.വ.ഡ.

(7). ഉത്തരവ് നം. ഇ.ജി4-10604/2023/ആ.വ.ഡ. തീയതി 28 -12-2023

(8). ഉത്തരവ് നം. ഇ.ജി4-10604/2023/ആ.വ.ഡ. തീയതി 23 -08-2024

(9). ഉത്തരവ് നം. ഇ.ജി4-10604/2023/ആ.വ.ഡ. തീയതി 25 -09-2024

((10). കത്ത് നമ്പർ M2/481/2024/H & FWD തീയതി. 30.10.2024.

**ഉത്തരവ് നം. ആ.വ.ഡ/10604/2023/ഇ.ജി4 തീയതി05-11-2024**

01.01.1997 മുതൽ 31.03.2000 വരെയുള്ള കാലയളവിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്- II തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചതും പരാമർശം (4), (5) സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ടതുമായ ജീവനക്കാരുടെ സീനിയോറിറ്റിയുമായി ബന്ധപ്പെട്ട

തർക്കം ബഹു:സുപ്രീം കോടതിയുടെ പരിഗണനയിലായതിനാൽ പരമാർശം (3) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശം (6) ഉത്തരവ് പ്രകാരം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I തസ്തികയിൽ നിന്നും ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിലേക്ക് താൽക്കാലിക സ്ഥാനക്കയറ്റം അനുവദിച്ചിരുന്നു.

ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്- I I തസ്തികയിലെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാത്തതിനാൽ മേൽ ജീവനക്കാർക്ക് തൊട്ടടുത്ത സൂപ്പർ വൈസറി തസ്തികയായ ഹെൽത്ത് സൂപ്പർ വൈസർ-ലേക്ക് സ്ഥാനക്കയറ്റം അനുവദിക്കാൻ സാധിച്ചിരുന്നില്ല. . നിലവിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിൽ താൽക്കാലിക സ്ഥാനക്കയറ്റം ലഭിച്ചവർക്ക് SLP (C) No.12363/2018 കേസിലെ ബഹു:സുപ്രീം കോടതിയുടെ അന്തിമ വിധിക്കു വിധേയമായിരിക്കും എന്ന വ്യവസ്ഥയോടെ ടി യാളുകളുടെ താൽക്കാലിക പ്രൊമോഷൻ ക്രമീകരിക്കുന്നതിനും മേൽ തസ്തികയിലെ പ്രബേഷൻ ഡിക്ലയർ ചെയ്യുന്നതിനും ടി യാളുകൾക്ക് മേൽപ്പറഞ്ഞ വ്യവസ്ഥയോടെ അടുത്ത സൂപ്പർ വൈസറി തസ്തികയായ ഹെൽത്ത് സൂപ്പർ വൈസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിനും, എന്നാൽ സീനിയോറിറ്റിയുമായി ബന്ധപ്പെട്ട് ബഹു:സുപ്രീം കോടതിയോ ബഹു: ഹൈക്കോടതിയോ അന്തിമ വിധി ന്യായം പുറപ്പെടുവിക്കുമ്പോൾ അതിനനുസൃതമായി പ്രസ്തുത സ്ഥാനക്കയറ്റങ്ങൾ പുനഃ ക്രമീകരിക്കേണ്ടതാണെന്നുമുള്ള വ്യവസ്ഥയോടെ സ്ഥാനക്കയറ്റം അനുവദിക്കുന്നതിനും പരാമർശം ( 1 ) പ്രകാരം സർക്കാർ നിർദേശം നൽകിയിരിക്കുന്നു. പരാമർ ശം (4) സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ടതും ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്- I I തസ്തികയിലേക്ക് താൽക്കാലിക സ്ഥാനക്കയറ്റം ലഭിച്ചതുമായ ജീവനക്കാരുടെ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിലെ താൽക്കാലിക സ്ഥാനക്കയറ്റം പരാമർ ശം (7) ഉത്തരവ് പ്രകാരം ക്രമീകരിച്ച് നൽകുകയും മേൽ ജീവനക്കാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുകയും ചെയ്തിട്ടുണ്ട്..

മേൽ സാഹചര്യത്തിൽ പരാമർശം (5) ഉത്തരവ് പ്രകാരമുള്ള സീനിയോറിറ്റി പട്ടികയിൽ റാങ്ക് നമ്പർ .230 മുതൽ 251വരെ ഉൾപ്പെട്ട ചുവടെ പട്ടികയിൽ ചേർത്തിരിക്കുന്ന ജീവനക്കാർക്ക് KS&SSR Part II Rule 28 (b) (ii) പ്രകാരം 43400 – 91200 ശമ്പള സ്കെയിലിൽ ഹെൽത്ത് സൂപ്പർ വൈസർ തസ്തികയിലേക്ക് പരാമർശം ( 1 ) സർക്കാർ കത്തിൽ സൂചിപ്പിച്ചിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവാകുന്നു..

<u>പരാമർ ശം ( 3 ) സീനിയോറിറ്റിയുമായി ബന്ധപ്പെട്ട് ബഹു:സുപ്രീം കോടതിയോ ബഹു: ഹൈക്കോടതിയോ അന്തിമ വിധി ന്യായം പുറപ്പെടുവിക്കുമ്പോൾ അതിനനുസൃതമായി പ്രസ്തുത സ്ഥാനക്കയറ്റങ്ങൾ പുനഃ ക്രമീകരിക്കുന്നതാണ്..</u>

| SL NO. | Name & Designation | Rank No | DATE OF BIRTH | District Allotted |
|---|---|---|---|---|
| 1 | Sijo Mathew, CHC Pandappilly, Ernakulam-235623 | 231 | 16/04/1975 | Kollam |
| 2 | Joseph N Sebastian, FHC Konnathady, Idukki-271607 | 232 | 20/02/1970 | Malappuram |
| 3 | Bijosh S, KKSCHC, Mala, Thrissur-235437 | 235 | 01/05/1973 | Malappuram |
| 4 | Saji K K, FHC Velloor, Kottayam-235859 | 241 | 04/01/1971 | Kottayam |
| 5 | Sunil Kumar Das, CHC Muttom, Idukki - 271741 | 242 | 01/06/1969 | Kollam |
| 6 | Jeemon.V.T. FHC Chittattukara, Ernakulam | 243 | 13/11/1969 | Kozhikode |
| 7 | Ratheesh.D, PHC Pizhala, Ernakulam | 244 | 31/05/1973 | Kollam |
| 8 | Biju.K.K. FHC Thiruvaniyoor, Ernakulam | 245 | 02/08/1969 | Trivandrum |
| 9 | Roy Mon Thomas, PHC Kanjiyar, Idukki | 247 | 05/02/1975 | Trivandrum |
| 10 | Manoj Kumar.C.P, FHC Ongalloor, Palakkad-340283 | 250 | 13/02/1969 | Kozhikode |
| 11 | Jiji.P.Thomas, FHC Mudakkuzha, Ernakulam | 251 | 29/04/1970 | Kollam |

പരാമർശം (5) സീനിയോറിറ്റി പട്ടികയിൽ റാങ്ക് നമ്പർ . 233, 234, 237, 238, 239, 240, 246, 249 എന്നീ ജീവനക്കാരുടെ സ്പാർക്ക് വിവരങ്ങളോ സേവന വിവരങ്ങളോ ലഭ്യമായിട്ടില്ല. റാങ്ക് നമ്പർ. 248 സേവനത്തിൽ നിന്നും വിരമിച്ചു. റാങ്ക് നമ്പർ.236 2016 മുതൽ അനധികൃതാവധിയിൽ തുടരുകയാണ്.

ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീർമാർ ടി വ്യക്തികൾക്ക് അനുയോജ്യമായ നിയമന ഉത്തരവ് നൽകേണ്ടതും ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ടി വ്യക്തികളുടെ ജനന തീയതി, റാങ്ക് നമ്പർ എന്നിവ പരിശോധിക്കുകയും ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും നിയമന ഉത്തരവ് ലഭിച്ചതിനുശേഷം വിടുതൽ ചെയ്യേണ്ടതുമാണ്.

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് പ്രവേശന / വിടുതൽ ചെയ്യുന്നതിനുള്ള ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്.

മേൽ ജീവനക്കാർ സേവനത്തിൽ പ്രവേശിച്ച സ്ഥാപനം, തീയതി എന്നിവ യഥാസമയം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

ഇലക്ഷനുമായി ബന്ധപ്പെട്ട മാതൃകാ പെരുമാറ്റച്ചട്ടം നിലവിലുള്ളതിനാൽ പരാമർശം (10) സർക്കാർ കത്തിന്റെ അടിസ്ഥാനത്തിൽ മേൽ പ്രകാരമുള്ള ഒഴിവുകളിലേക്ക് ലഭ്യമായിട്ടുള്ള സീനിയർ ആയ ഹെൽത്ത് സൂപ്പർ വൈസർ ജീവനക്കാരുടെ സ്ഥലം മാറ്റ അപേക്ഷകൾ പരിഗണിക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ മാതൃക പെരുമാറ്റ ചട്ടം അവസാനിക്കുന്ന മുറയ്ക്ക് ഈ ഉത്തരവ് പുനഃ പരിശോധിക്കുന്നതും ആവശ്യമെങ്കിൽ ഇപ്പോൾ പോസ്റ്റിങ്ങ് നൽകിയിരിക്കുന്ന സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേക്ക് ട്രാൻസ്ഫർ ചെയ്യുന്നതുമാണ്.

Signed by
Reetha K P
Date: 05-11-2024 16:45:52

**അഡീഷണൽ ഡയറക്ടർ (പൊതുജനാരോഗ്യം)**

സ്വീകർത്താവ്: ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ് :

1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റ്
2. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ
3. ബന്ധപ്പെട്ട സ്ഥാപന മേധാവികൾ
4. ഫയൽ / കരുതൽ ഫയൽ